(ബി) പത്താഴക്കുണ്ട് ഡാം ചോർച്ച പരിഹരിക്കുന്നതിനു വേണ്ട പദ്ധതിക്കായി മണ്ണ് പരിശോധനയ്ക്ക് ഇൻവെസ്റ്റിഗേഷൻ ചീഫ് എഞ്ചിനീയറുടെ 6-9-2010-ലെ IDRB/DSC/BPI/ADI/3188/09 നമ്പർ ഉത്തരവ് പ്രകാരം 1.60 ലക്ഷം രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) സാമ്പത്തികാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി (മണ്ണ് പരിശോധന) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കാൻ നടപടി

103 (700) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിപ്പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണി എഗ്രിമെന്റ് പ്രകാരം എന്നാണ് തീരേണ്ടത് ; കരാർ പ്രകാരം പണി നടത്തുന്നതിലേക്ക് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൊഴിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിൽ ആകെ 8 ഷട്ടറുകൾ ഉള്ളതിൽ 4 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. 5-ാമത്തെ ഷട്ടറിന്റെ പണി നടന്നു വരുന്നു.

(ബി) പ്രസ്തുത പണിയുടെ കാലാവധി എഗ്രിമെന്റ് പ്രകാരം 31-3-10 വരെയായിരുന്നു. സമയ പരിധിക്കുള്ളിൽ പൂർത്തിയാകാത്തതിനാൽ അതിന്റെ കാലാവധി ആദ്യം 30-9-10 വരെയും തുടർന്ന് 31-1-2011 വരെയും പുതുക്കി നിശ്ചയിച്ചു. പ്രതികൂല കാലാവസ്ഥ കാരണമാണ് സമയപരിധി ദീർഘിപ്പിക്കേണ്ടിവന്നത്.

(സി) 31-1-2011-നു മുമ്പ് പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly